(ഇ) സംസ്ഥാനത്തിന്റെ ചെലവിലല്ലാതെ ഏതെങ്കിലും മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(എഫ്) ആരുടെ ചെലവിലാണ് അവർ വിദേശപര്യടനം നടത്തിയത്;

(ജി) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്ക് എത്ര ഡോളറിന്റെ വിദേശനാണ്യം വീതം ലഭിച്ചു;

(എച്ച്) വിദേശ പര്യടനത്തിനുവേണ്ടി മാത്രം ഓരോ മന്ത്രിയും ടി.എ., ഡി.എ. എന്റർടെയിൻമെന്റ് അലവൻസ് എന്നീ ഇനങ്ങളിൽ എന്തു തുക വീതം കൈപ്പറ്റി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ (ഡി)വരെ ചീഫ് വിപ്പിന്റെ ഒഴികെയുള്ള മന്ത്രിമാരുടെ വിദേശയാത്രയെ സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

(എച്ച്) വിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്.+

17 (17) മുഖ്യമന്ത്രിയുടെ വിദേശ യാത്രകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യ മന്ത്രി എത്ര പ്രാവശ്യം വിദേശയാത്രകൾ നടത്തി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിച്ചു:

(സി) കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് വിദേശനി ക്ഷേപം ലഭ്യമാക്കാനുള്ള ഉദ്ദേശം ഈ യാത്രകൾക്കുണ്ടായിരുന്നോ;

(ഡി) എങ്കിൽ ഏതെല്ലാം വിദേശരാജ്യങ്ങളിൽനിന്നും ഏതെല്ലാം കമ്പനികൾ കേരളത്തിൽ പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട് എന്നും ഓരോന്നിനും എന്തു മുതൽമുടക്ക് ഉണ്ടാകുമെന്നും അറിയിക്കുമോ;

(ഇ) ഇതിൽ എത്ര വ്യവസായങ്ങൾ തുടങ്ങി എന്നും ഇനിയും തുട ങ്ങാനുള്ളവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എഫ്) മുഖ്യമന്ത്രിയുടെ വിദേശയാത്രാവേളയിൽ ഏതെങ്കിലും ബഹു രാഷ്ട്ര കുത്തക കമ്പനിയുമായി ബന്ധപ്പെട്ടിരുന്നുവോ; എങ്കിൽ ഏതെല്ലാം കമ്പനികൾ എന്ന് അറിയിക്കുമോ;

(ജി) ഇതിൽ ഏതെങ്കിലും കമ്പനികൾ കേരളത്തിൽ നിക്ഷേപം നട ത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം,

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതിൽ ഏതെങ്കിലും കമ്പനി എന്തെങ്കിലും നിക്ഷേപം ഈ കാലയളവിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിക്ക് എത്ര സംഖ്യ വീതമാണെന്ന് വ്യക്തമാക്കുമോ;

(ഐ) നിക്ഷേപം നടത്തിയിട്ടില്ലെങ്കിൽ നിക്ഷേപം നടത്താനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 പ്രാവശ്യം

(ബി) അമേരിക്ക, ജർമനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ. കാനഡ, ഫ്രാൻസ്, ഇറ്റലി, ഖത്തർ(ദോഹ), ഒമാൻ(മസ്കറ്റ്), അബുദാബി, ദുബൈ, കുവൈറ്റ്, എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

(സി) ഉണ്ടായിരുന്നു.

(ഡി)&(ഇ) ചർച്ചകൾ വിവിധ ഘട്ടങ്ങളിലാണ്.

(എഫ്) ഇല്ല.

(ജി)-(ഐ) ഉദിക്കുന്നില്ല.

18 (18) മുഖ്യമന്ത്രിയുടെ ഗൾഫ് പര്യടനം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രി ഇക്കഴിഞ്ഞ ഗൾഫ് പര്യടനത്തിൽ ഏതൊക്കെ യോഗങ്ങളിലും സ്വീകരണങ്ങളിലും സൽക്കാരങ്ങളിലുമാണ് പങ്കെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; ഇതിൽ ഔദ്യോഗിക പരിപാടികൾ ഏതെല്ലാം;

(ബി) ഇതിൽ ഏതിലൊക്കെ പങ്കെടുത്തിട്ടുണ്ട്;

(സി) ഗൾഫ് പര്യടനത്തിനായി സർക്കാരിന് എന്തു തുക ചെലവായി എന്നും പര്യടനത്തിൽ സർക്കാർ തലത്തിൽ ആരൊക്കെ പങ്കെടുത്തു എന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരഫെഡിന്റെ ബിസിനസ് പങ്കാളിയായ "മൊണ്ടാന ഫുഡ് സ്റ്റഫ് ട്രേഡിംഗ്" എന്ന സ്ഥാപനത്തിനുവേണ്ടി "കേരാഗോൾഡ് കോക്കനട്ട് ഓയിൽ" ഔദ്യോഗികമായി പുറത്തിറക്കുന്ന അബുദാബിയിൽ സംഘടിപ്പിച്ച ചടങ്ങ് 28.4.1999-ൽ ഒമാനിലെ കൈരളി ആർട്സ് ക്ലബ് സംഘടിപ്പിച്ച സ്വീകരണച്ചടങ്ങ്, ഒമാനിലെ ഇന്ത്യൻ സ്കൂൾ സന്ദർശനം, നോൺറസിഡണ്ട് ഇന്ത്യാക്കാരുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പ്രവാസി ഇൻഷുറൻസ് പദ്ധതികളെ സംബന്ധിച്ച് അബുദാബിയിൽ ചർച്ചായോഗം. കുവൈറ്റിലെ കേരളീയരുടെ സഹകരണത്തോടുകൂടി ഇന്ത്യൻ എംബസി സംഘടിപ്പിച്ച നോൺറസിഡണ്ട് ഇന്ത്യാക്കാരുടെ ബിസിനസ് സെമിനാർ, കുവൈറ്റിലെ 'കല' എന്ന സംഘടന സംഘടിപ്പിച്ച 'യംഗ്മെൻസ് മേള'യുടെ ഉദ്ഘാടനം.

LIBRARY ARCHIVES Kerala Legislative Assembly